**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3121** **07-10-2025 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി പ്രകാരം എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പാലാ നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതികൾ കൂടാതെ മറ്റ് പുതിയ കുടിവെള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.<br><br>പാലാ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൽ മീനച്ചിൽ നദി സ്രോതസ്സായി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിത ശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയാണ് കരൂർ കുടിവെള്ള പദ്ധതി (ഭരണാനുമതി തുക -71.39 കോടി രൂപ). മീനച്ചിലാറിന്റെ തീരത്ത് കടപ്പാട്ടൂർ എന്ന സ്ഥലത്ത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള വെൽ കം പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന ജലം വലവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 6 MLD ജല ശുദ്ധീകരണ ശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച ജലം സെന്റ് തോമസ് മൗണ്ട് (0.85 ലക്ഷം ലിറ്റർ), നെല്ലിയാനി (1.8 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിലവിലുള്ള ഭൂതല ജലസംഭരണികളിലും, IIIT ക്യാമ്പസ് (5 ലക്ഷം ലിറ്റർ), വലവൂർ (6 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജല സംഭരണികളിലും എത്തിച്ച് 191.69 കി.മീ ജലവിതരണ ശൃംഖല സ്ഥാപിച്ച് 5644 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളുടെ പുരോഗതി അനുബന്ധം -1 ആയി ചേർക്കുന്നു.<br>2. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 17705 വീടുകളിലും ഉൾപ്പെടെ ആകെ 42230 കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നൽകാൻ കഴിയും. 2023 ഒക്ടോബർ 21 ന് ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച് മുട്ടം വില്ലേജിലെ വള്ളിപ്പാറക്ക് സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ച് ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്തു കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലാ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധം-2 ആയി ചേർക്കുന്നു.<br>3. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എലിക്കുളം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി അനുബന്ധം -3 ആയി ചേർക്കുന്നു. |
| (ബി) | പാലാ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി ഉൾപ്പെടെ എന്തെല്ലാം പുതിയ കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | പാലാ നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതികൾ കൂടാതെ മറ്റ് പുതിയ കുടിവെള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.<br><br>പാലാ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൽ മീനച്ചിൽ നദി |

സ്രോതസ്സായി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിത ശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയാണ് കരൂർ കുടിവെള്ള പദ്ധതി (ഭരണാനുമതി തുക -71.39 കോടി രൂപ). മീനച്ചിലാറിന്റെ തീരത്ത് കടപ്പാട്ടൂർ എന്ന സ്ഥലത്ത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള വെൽ കം പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന ജലം വലവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 6 MLD ജല ശുദ്ധീകരണ ശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച ജലം സെന്റ് തോമസ് മൗണ്ട് (0.85 ലക്ഷം ലിറ്റർ), നെല്ലിയാനി (1.8 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിലവിലുള്ള ഭൂതല ജലസംഭരണികളിലും, IIIT ക്യാമ്പസ് (5 ലക്ഷം ലിറ്റർ), വലവൂർ (6 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജല സംഭരണികളിലും എത്തിച്ച് 191.69 കി.മീ ജലവിതരണ ശൃംഖല സ്ഥാപിച്ച് 5644 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധം -1 ആയി ചേർക്കുന്നു.

2. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 17705 വീടുകളിലും ഉൾപ്പെടെ ആകെ 42230 കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നൽകാൻ കഴിയും. 2023 ഒക്ടോബർ 21 നു ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ചു മുട്ടം വില്ലേജിലെ വള്ളിപ്പാറക്കു സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ചു ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്തു

| | | | |
|---|---|---|---|
| | | | കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ചു ശുദ്ധീകരിച്ചു ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലാ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധം-2 ആയി ചേർക്കുന്നു.<br>3. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എലിക്കുളം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി അനുബന്ധം -3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**കുറുർ കുടിവെള്ള പദ്ധതി.**

1. **പാക്കേജ് 1- കുറുർ ഗ്രാമപഞ്ചായത്തിലെ വലവൂരിൽ സ്ഥാപിക്കുന്ന 6 MLD ജല ശുദ്ധീകരണ ശാല**

**പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ:-**കുറുർ പഞ്ചായത്തിൽ വലവൂരിൽ 6 ദശലക്ഷം ലിറ്റർ ജല ശുദ്ധീകരണ ശാല, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, 17.03 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 2863 കണക്ഷനുകൾ തുടങ്ങിയവ.

**നിലവിലെ സ്ഥിതി:-** ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ജലശുദ്ധീകരണശാലയുടെ ബാക്കി നിർമ്മാണ ഘടകങ്ങളുടെ ഡിസൈൻ വർക്കുകൾ പുരോഗമിക്കുന്നു. 4.5 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

2. **പാക്കേജ് 2 - കുറുർ പഞ്ചായത്തിൽ നെല്ലിയാനി ടാങ്കിൽ നിന്നും ജല വിതരണ ശൃംഖലയും, കണക്ഷനുകളും**

**നിലവിലെ സ്ഥിതി:-**15.8 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. **പാക്കേജ് 3 - കുറുർ പഞ്ചായത്തിലെ സെൻറ് തോമസ് മൗണ്ട് ടാങ്കിൽ നിന്നും ജല വിതരണ ശൃംഖലയും, കണക്ഷനുകളും.**

**നിലവിലെ സ്ഥിതി:-**10.17 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. **പാക്കേജ് 4 - കുറുർ പഞ്ചായത്തിലെ IIIT ക്ക് സമീപം ജല സംഭരണിയും, ജല വിതരണ ശൃംഖലയും, കണക്ഷനുകളും**

**നിലവിലെ സ്ഥിതി :-** 5 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. **പാക്കേജ് 5- കുറുർ പഞ്ചായത്തിലെ വലവൂരിൽ ജല സംഭരണിയും, ജല വിതരണ ശൃംഖലയും, കണക്ഷനുകളും**

**നിലവിലെ സ്ഥിതി:-**7 കി. മീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചു. ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.

6. **പാക്കേജ് 6- മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ്സ്റ്റേഷൻ കം ഓപ്പറേറ്റേഴ്സ് റൂം, പമ്പിംഗ് മെയിനും അനുബന്ധ പ്രവൃത്തികളും**

**നിലവിലെ സ്ഥിതി:-**പ്രസ്തുത പ്രവൃത്തിയുടെ 4 -ആം റീ ടെൻഡറിൽ പങ്കെടുത്ത കരാറുകാരൻ TPAC തുകയേക്കാൾ 35.34% അധികരിച്ച തുകയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ക്വോട്ട് ചെയ്ത തുക നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്കപ്പുറം ആയതിനാൽ പ്രസ്തുത ടെൻഡർ അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

7. **പാക്കേജ് 7 - കരൂർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം**

**നിലവിലെ സ്ഥിതി :-** 6 കി.മീ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

8. **പാക്കേജ് 8 - കരൂർ പഞ്ചായത്തിലെ ശേഷിക്കുന്ന ജല വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി**

**നിലവിലെ സ്ഥിതി:-** 7 കി. മീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

## അനുബന്ധം 2

## മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി

| ക്രമ നം. | പഞ്ചായത്ത് | പുരോഗതി(%) |
|---|---|---|
| 1 | പാക്കേജ് 1 (ഫ്ലോട്ടിംഗ് പമ്പ് ഹൗസും അനുബന്ധ ഘടകങ്ങളും) | 20 % പൂർത്തിയായി |
| 2 | പാക്കേജ് 2 - 45 MLD ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും | 20 % പൂർത്തിയായി |
| 3 | കടനാട് | 31 % പൂർത്തിയായി |
| 4 | രാമപുരം | 35 % പൂർത്തിയായി |
| 5 | ഭരണങ്ങാനം | 27 % പൂർത്തിയായി |
| 6 | മേലുകാവ് | 2 % പൂർത്തിയായി |
| 7 | മൂന്നിലവ് | 4 % പൂർത്തിയായി |
| 8 | തലനാട് | 17 % പൂർത്തിയായി |
| 9 | മീനച്ചിൽ | 1 % പൂർത്തിയായി |
| 10 | തലപ്പലം | 35 % പൂർത്തിയായി |

## അനുബന്ധം 3

| **ക്രമ നമ്പർ** | **പ്രവൃത്തിയുടെ പേര്** | **പുരോഗതി(%)** |
|---|---|---|
| 1 | JJM- 2020-21 - Phase III: Elikkulam Grama Panchayath Kottayam District - Laying pipelines and providing FHTCs in all wards. | 90 % പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | JJM- 2021 -22-Phase III: providing pumping lines supply lines construction of new OHSR - pump house and 676 nos FHTC in Elikkulam Gramapanchayath. | 95 % പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | JJM- 2020-21 - Elikkulam Grama Panchayath Kottayam District - Supplying,Laying Commissioning of Rider Line in Elikkulam Panchayath. | പൂർത്തീകരിച്ചു |
| 4 | JJM- 2020-21 - Elikkulam Grama Panchayath Kottayam District - Supplying,Laying of 150mm GI pipe for Gap Filling work. | പൂർത്തീകരിച്ചു |